**പതിനാലാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:** 311

**23.01.2018**-ൽ മറുപടിക്ക്

## സംസ്ഥാന ക്യാൻസർ ഗ്രിഡ്

**ചോദ്യം**

**ശ്രീ.ജെയിംസ് മാത്യു**
**ശ്രീ. ഡി.കെ. മുരളി**
**ശ്രീ.വി. കെ. സി. മമ്മത് കോയ**
**ശ്രീ. എൻ. വിജയൻ പിള്ള**

**മറുപടി**

**ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**
(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | സംസ്ഥാനത്തെ മുഴുവൻ ക്യാൻസർ ചികിത്സാ കേന്ദ്രങ്ങളിലെയും വിവരങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് സംസ്ഥാന ക്യാൻസർ ഗ്രിഡ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | ബി) | സ.ഉ. (എം.എസ്) 173/2017/H&FWD തീയതി 05/12/2017 പ്രകാരം സംസ്ഥാന ക്യാൻസർ ഗ്രിഡ് രൂപീകരിച്ചിട്ടുണ്ട്. ഇതിലൂടെ ചുവടെ ചേർത്തിട്ടുള്ള ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കാനാണ് ലക്ഷ്യമിടുന്നത്.<br>1. ക്യാൻസർ രോഗികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക.<br>2. ക്യാൻസർ ചികിത്സയിലെ തടസ്സങ്ങൾ കുറയ്ക്കുക.<br>3. അംഗങ്ങളായ ആശുപത്രികളിൽ ക്യാൻസർ പരിചരണത്തിന്റെ ഗുണ നിലവാരം ഉറപ്പുവരുത്തുക.<br>4. ക്യാൻസർ ചികിത്സാ ചിലവ് കുറയ്ക്കുക.<br>5. ക്യാൻസർ പരിചരണത്തിനായി മെമ്പർ ഹോസ്പിറ്റലുകളിലെ ശേഷി വർദ്ധിപ്പിക്കുക. കൂടാതെ പങ്കാളിത്തത്തോടെ ക്യാൻസർ പ്രതിരോധ നടപടികളും ആദ്യ കാലഘട്ടത്തിൽ ക്യാൻസർ കണ്ടുപിടിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക. |

| | | | |
|---|---|---|---|
| | | | 6. തടസ്സമില്ലാതെ വിവിധ തലങ്ങളിലെ സേവന ദാതാക്കൾക്ക് ആവശ്യമായ സഹായങ്ങൾ നൽകുക.<br><br>7. കേരളത്തിലെ ക്യാൻസർ സംബന്ധമായ വിവരങ്ങൾ സ്റ്റേറ്റ് ക്യാൻസർ രജിസ്ട്രി മുഖേന നൽകുക.<br><br>8. ക്യാൻസർ പരിചരണം മെച്ചപ്പെടുത്തുന്നതിന് വേണ്ടി ജീവിത ചക്രം അടിസ്ഥാനമാക്കിയുള്ള സമീപനം. |
| സി) | ക്യാൻസർ ചികിത്സാ രംഗത്ത് പ്രതിരോധ, ഗവേഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനും ഇതിനായുള്ള ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനും കേന്ദ്രഫണ്ട് യഥാസമയം നേടിയെടുക്കുന്നതിനും പ്രസ്തുത വിവരശേഖരണം എത്രമാത്രം പ്രയോജനപ്പെടുമെന്ന് വ്യക്തമാക്കാമോ? | സി) | അർബുദ ചികിത്സാ രംഗത്തെ സർക്കാർ/സ്വകാര്യ മേഖലയിലെ വിദഗ്ധരുടെ സഹായത്തോടെയാണ് ക്യാൻസർ ഗ്രിഡ് പ്രവർത്തനക്ഷമമാകുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നത്. വിപുലമായ ചർച്ചകളുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ ഈ നവീന സംവിധാനം ക്യാൻസർ ചികിത്സാ രംഗത്ത് പ്രതിരോധ ഗവേഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും, സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തുന്നതിനും സഹായകരമാകുന്നതാണ്. കേവലം വിവരശേഖരണത്തിനപ്പുറം ചികിത്സാ മാർഗ്ഗരേഖയും പ്രതിരോധവും, ഗവേഷണവും, നയരൂപീകരണവും ഉൾപ്പെടുന്ന ഒരു ബൃഹത് പദ്ധതിയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ആരോഗ്യ മേഖലയിലെ സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി കേരളത്തിലെ എല്ലാവിഭാഗം ജനങ്ങൾക്കും ക്യാൻസർ പ്രതിരോധം, സ്ക്രീനിംഗ്, രോഗനിർണ്ണയം, ചികിത്സ, സാന്ത്വന പരിചരണം എന്നീ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | നടപടികളാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത ഗ്രിഡ് പൂർണ്ണമായും പ്രവർത്തനസജ്ജമാകുന്നതോടെ ക്യാൻസർ ചികിത്സാ രംഗത്ത് ഗവേഷണ പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിനും ഇതിലൂടെ ആവശ്യമായ കേന്ദ്ര ഫണ്ടുകൾ നേടിയെടുക്കാൻ സാധിക്കുന്നതുമാണ്. |

**സെക്ഷൻ ഓഫീസർ**